# പത്താം ക്ലാസ് - കേരള പാഠാവലി

## യുദ്ധത്തിന്റെ പരിണാമം – കുട്ടികൃഷ്ണ മാരാർ (നിരൂപണം)

**നൂ**റ്റാണ്ടുകൾക്കു മുമ്പ് എഴുതപ്പെട്ട മഹാഭാരതകഥയെ പുതിയകാലത്ത് പുതിയ രീതിയിലും അർഥത്തിലും വായിച്ചെടുക്കുന്ന കൃതിയാണ് ഭാരത പര്യടനം . യുദ്ധത്തിന്റെ പരിണാമം ആ കൃതിയിൽനിന്നെടുത്ത ഭാഗമാണ് . മഹാഭാരതത്തിലെ കഥാപാത്രങ്ങളെയും കഥാസന്ദർഭങ്ങളെയും മനഃശാസ്ത്രപരമായും യുക്തിസഹവുമായി നിരൂപണം ചെയ്യുന്ന കൃതിയാണ് ഭാരത പര്യടനം .

യുദ്ധത്തിന്റെ പരിണാമത്തിലെ വികാരോഷ്മളമായ ഇതിഹാസ സന്ദർഭ വിവരണത്തിലൂടെ യുദ്ധത്തിന്റെ ഭീഷണമായ പരിണാമം (മാറ്റം) വ്യക്തമാക്കുകയാണ് മാരാർ. മനുഷ്യരെ കൂട്ടത്തോടെ കൊന്നൊടുക്കിയും വിഭവങ്ങൾ നശിപ്പിച്ചും നേടുന്നവ ഒരു ദിവസം പോലും സന്തോഷത്തോടെ അനുഭവിക്കാൻ കഴിയുകയില്ല എന്ന പ്രാപഞ്ചിക സത്യം മുന്നോട്ട് വയ്ക്കുന്ന പാഠഭാഗമാണിത്. ഏതു വ്യവസ്ഥയിലും പേരിലും നടക്കുന്ന യുദ്ധമായാലും ലോകത്ത് ഇതാണ് സ്ഥിതി.

ലോകത്ത് ഇന്നേവരെ നടന്ന ഒരു യുദ്ധവും വിജയമായിരുന്നില്ല ഓരോ യുദ്ധവും തലമുറകളോളം പ്രത്യാഘാതങ്ങൾ ഏറ്റുവാങ്ങേണ്ടിവന്ന വൻ പരാജയങ്ങളായിരുന്നുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.
ഈ സത്യം കുരുക്ഷേത്ര യുദ്ധത്തിന്റെ ( കൗരവരും പാണ്ഡവരും തമ്മിലുള്ള യുദ്ധം) പശ്ചാത്തലത്തിൽ പ്രവചിക്കുകയാണ് വ്യാസൻ (കൃഷ്ണ ദ്വൈപായനൻ) ചെയ്യുത് . അശ്വത്ഥാമാവ് (ദ്രോണരുടെ പുത്രൻ -ദ്രൗണി) പകയുടെ പൈശാചിക പ്രതിരൂപമാണ്. എല്ലാം മനുഷ്യരുടെ മനസ്സിലും അത് കുടികൊള്ളുന്നു. പകയെ ചിരഞ്ജീവിയായി കാണുന്നത് അതുകൊണ്ടാണ്. വിനാശകാരിയായ പകയടക്കാൻ

മനുഷ്യനു കഴിയണം എന്ന സന്ദേശം യുദ്ധത്തിന്റെ പരിണാമം എന്ന പാഠഭാഗം മുന്നോട്ട് വയ്ക്കുന്നു.

- *<u>യതോധർമസ്തതോ ജയഃ</u>* (മഹാഭാരതം): എവിടെയാണോ ധർമമുള്ളത് അവിടെയാണ് ജയം

- സുയോധനൻ യുദ്ധസന്നദ്ധനായി പുറപ്പെട്ട് മാതൃപാദങ്ങളിൽ വന്ദിച്ചു. 'അമ്മേ വരം തന്നാലും, പാണ്ഡവരെ നശിപ്പിച്ച് ഞാൻ ചക്രവർത്തിയാവട്ടെ.,
- സത്യവാദിനിയായ അമ്മയുടെ വാക്കുകൾ ഒരിക്കലും പാഴാകുകയില്ലല്ലോ '
- ഗാന്ധാരി കണ്ണുടച്ച് ഇത്രയും പറഞ്ഞു 'മകനേ എവിടെ ധർമമുണ്ടോ അവിടെയാണ് ജയം, പോയി വരൂ. ധർമം ജയിക്കട്ടെ'

## *<u>ദുര്യോധനൻ – കഥാപാത്ര നിരൂപണം</u>*

- ✔ ക്രൂരമായ മരണത്തിലും വിലപിക്കാത്ത മനസ്സ്
- ✔ ശത്രുവിനോടുള്ള അവജ്ഞ
- ✔ ചതിച്ചവരൊടുള്ള കോപവും സഹതാപവും
- ✔ ജീവിതത്തിൽ പലതും ചെയ്യാനും കഴിഞ്ഞതിലുള്ള സംതൃപ്തിയും അഭിമാനവും
- ✔ ചതിച്ചവർ തോൽക്കുകയും താൻ ജയിക്കുകയും ചെയ്യുന്ന ഭാവം
- ✔ വിധിയിൽ ആശ്വാസം
- ✔ ഏക സഹോദരിയെറിച്ച് (ദുശ്ശള) വ്യസനിക്കുന്നതിലൂടെ പ്രകടമാകുന്ന ഹൃദയോന്നതിയും ആഭിജാത്യവും
- ✔ സ്വർഗ പ്രാപ്തിയിലുള്ള ഉറച്ച വിശ്വാസം
- ✔ സ്വ പ്രത്യയ സ്ഥൈര്യം
- ✔ ഏറ്റവും നല്ല മരണമാണ് തനിക്ക് ലഭിച്ചതെന്ന ആത്മവിശ്വാസം

## *<u>വല്ലപാടും നേടിയ വിജയം – ഔചിത്യം</u>*

- ✔ ഏതു വിധേനയും നേടിയ വിജയം - യുദ്ധ വ്യവസ്ഥകൾ ലംഘിച്ച് - ഭീമൻ ദുര്യോധനന്റെ തുടയെല്ല് തല്ലി തകർത്ത് മരണാസന്നനാക്കുന്നത് .
- ✔ തെറ്റായ മാർഗത്തിലൂടെയും ചതിയിപ്രയോഗത്തിലൂടെയുമാണ് പാണ്ഡവർ വിജയം നേടിയത് എന്ന ധ്വനി.

■ *<u>യുദ്ധം തികഞ്ഞ പരാജയം - ധർമപുത്രർ (യുധിഷ്ഠിരൻ ) വിലപിക്കുന്നത്:</u>*

- യുദ്ധത്തിന് മുൻപ് ഇരുപക്ഷവും ചില കരാറുകൾ അംഗീകരിക്കുന്നു.
- കൗരവ പക്ഷത്തുള്ള മഹാരഥന്മാരെയെല്ലാം ചതിപ്രയോഗത്തിലൂടെയാണ് പടക്കളത്തിൽ വീഴ്ത്തിയത്. •
- യുദ്ധത്തിന്റെ നേരും നെറിയും ലംഘിച്ചത് പാണ്ഡവരായിരുന്നു.
- മഹാവിജയം എന്ന കരുതിയ വിജയം പകൽകവിളിച്ചത്തിൽ ഒന്നു കാണാൻ പോലും കഴിയാതെ മഹാപരാജയമായി
- യുദ്ധം സർവവിനാശകം - ആധുനിക കാലത്തും യുദ്ധം തുടങ്ങിയാൽ ആദ്യം ചെയ്യുന്നത് യുദ്ധ വ്യവസ്ഥകൾക്കെതിരായി ശത്രുരാജ്യത്തിലെ ജല സ്രോതസ്സുകൾ, വൈദ്യുത നിലയങ്ങൾ, ആശുപത്രികൾ, ഭക്ഷണ സംഭരണ കേന്ദ്രങ്ങൾ , റോഡ് - റെയിൽവെ, വിമാനത്താവളങ്ങൾ, ജനവാസ കേന്ദ്രങ്ങൾ മുതലായവ തകർക്കലാണ്. ഇന്നോളം യുദ്ധധർമ്മങ്ങൾ പാലിക്കപ്പെട്ടിട്ടില്ലയെന്ന് ഇത് തെളിയിക്കുന്നു.
- വല്ല പാട്ടും നേടിയ വിജയമായി യുദ്ധം മാറുന്നു.
- *<u>വിഷത്തേക്കാൾ വർജ്യമാകും നരചിത്തം ദുഷിക്കുകിൽ</u>* :
- ദ്രൌണിക്ക് ചേർന്നത്
- മനുഷ്യമനസ്സുകൾ ദുഷിച്ചാൽ വിഷത്തേക്കാൾ വർജിക്കേണ്ടതാണ്
- തിന്മ,അത്യാഗ്രഹം, ചതി, പക , ക്രൂരത എന്നിവ കൊണ്ട് മനുഷ്യ മനസ്സ് ദുഷിച്ചാൽ ഉണ്ടാകുന്ന ദയനീയാവസ്ഥ

- വിഷത്തെക്കാൾ അധികം ദുഷിച്ച മനസ്സുകളെ വർജിക്കേണ്ടത് അത്യാവശ്യം
- വിഷം മനുഷ്യരെ കൊല്ലും, പക്ഷെ ദുഷിച്ച നരചിത്തം രാജ്യങ്ങളെയും മനുഷ്യമനസ്സിനെയും മനുഷ്യകുലത്തെ ഒന്നാകെയും നശിപ്പിക്കും
- പരിസ്ഥിതി, ഭൂമി - എല്ലാത്തിനെയും യുദ്ധം തകർത്തെറിയും
- ദുഷിച്ച മനസ്സിന്റെ ഉടമ പിശാചിനെപ്പോലെ പ്രവർത്തിക്കും
- ദ്രൌണി പാണ്ഡവ കുടീരത്തിൽ കയറി അറുകൊല നടത്തുന്നു.
- മൂന്നു ലോകവും നശിപ്പിക്കാൻ കഴിവുള്ള ബ്രഹ്മശിരസ്സ് എന്ന അസ്ത്രം പാണ്ഡവരുടെ മേൽ പ്രയോഗിക്കാൻ ഒരുമ്പട്ടത് -അഭിമന്യു പുത്രൻ പരീക്ഷിത്തിന് നേരെ തിരിച്ചു വിടുന്നതും.

■ *<u>അതിനെ, അവനെ എപ്പോഴും എവിടെയും കരുതിയിരുന്നുകൊള്ളുക എന്ന താക്കീതാണ് അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവവ്യാപിയുമായി കൽപിച്ചതിനർഥം</u>*

- അശ്വത്ഥാമാവ് - പകയുടെ പ്രതിരൂപം- അശ്വത്ഥാമാവാണ് കൂട്ടക്കുരുതിയിലൂടെ കുരുക്ഷേത്ര യുദ്ധത്തെ ഭീരകാന്ത്യത്തിലേക്ക് നയിച്ചത്.
- ശപിക്കപ്പെട്ടവൻ എന്ന വാക്കിന് പൂർണാർത്ഥത്തിൽ അർഹനാണ് അശ്വത്ഥാമാവ് .
- മനുഷ്യ മനസ്സുകളിൽ കുടികൊള്ളുന്ന പകയുടെ പ്രതിരൂപമായി അശ്വത്ഥാമാവിനെ മാരാർ വിശേഷിപ്പിക്കുന്നു
- അശ്വത്ഥാമാവ് എന്നാൽ 'പക'- ഈ അർഥത്തിലാണ് അതിനെ' എന്ന് പ്രയോഗിച്ചിരിക്കുന്നത് .
- സ്നേഹം കൊണ്ട് ഒന്നായവർ പോലും പകയ്ക്ക് അടിമപ്പെട്ട് ആപത്ത് ക്ഷണിച്ചു വരുത്തുന്നു.
- താൻ നശിച്ചാലും വേണ്ടില്ല തന്റെ ശത്രുവിന്റെ വംശം മുടിയണമെന്ന വാശി
- ***പ്രലോഭനത്തിലെ 'കലി , യുദ്ധത്തിന്റെ പരിണാമത്തിലെ ദ്രൌണി (-താരതമ്യം)***

## *കഥാപാത്ര നിരൂപണം: അശ്വത്ഥാമാവ്/ദ്രൌണി /ദ്രോണ പുത്രൻ*

- തുട തകർന്ന് ചോരയാലിച്ച് പ്രാണവേദനകൊണ്ട് നിലത്തു കിടക്കുന്ന ദുര്യോധനനെ കണ്ടപ്പോൾ അശ്വത്ഥാമാവിന്റെ പ്രതികരണം(സഹതാപം)
- ക്രോധം കൊണ്ട് കത്തിക്കാളിയ ദ്രൌണി ദുര്യോധനനോട് പറഞ്ഞത് (ക്രോധം)
- പാണ്ഡവരുടെ ശിബിര ദ്വാരത്തിൽ വച്ച് കൃപകൃതവർമാക്കളോട് പറഞ്ഞത് (പക)
- ധൃഷ്ടദ്യുംമ്നനോടും ശിഖണ്ഡിയോടും പ്രതികാരം ചെയ്തത് (പ്രതികാര ദാഹം)
- പാണ്ഡവ ശിബിരത്തിൽ കയറി കാലനെപ്പോലെ പ്രവർത്തിച്ചത് (ച്കുത്താന്റെ ഭാവം)
- തിരിച്ചെത്തി ദുര്യോധനനോട് പറഞ്ഞത് (ദ്വേഷ മത്സരങ്ങൾ)
- വില്ലേന്തി കയർത്തുവരുന്ന ഭീമനേയും കൃഷ്ണ യുധിഷ്ഠിരാദികളേയും കണ്ടപ്പോഴുണ്ടായ പ്രതികരണം (എതിരാളിക്ക് മൂലോച്ഛേദം വരുത്തിയേ തീരൂ എന്ന വാശി )
- ബ്രഹ്മശിരസ്സ് പ്രതിസംഹരിക്കാനും ചൂഡാമണി പാണ്ഡവർക്ക് കൊടുക്കാനും വ്യാസനോട് അയാൾ പറഞ്ഞത്.
- അശ്വത്ഥാമാവിന്റെ പ്രവൃത്തിയും കൃഷ്ണന്റെയും വ്യാസന്റെയും ശാപവാക്കുകൾക്ക് നൽകിയ മറുപടിയും

## *യുദ്ധം സർവവിനാശകം /യുദ്ധങ്ങളെല്ലാം സർവനാശത്തിലേക്ക് നയിക്കുന്നു* –( ഈ കുറിപ്പിലെ ആമുഖം ചേർക്കുക)

- യുദ്ധത്തിനെതിരെയുള്ള മനോഭാവങ്ങൾ
- ഏതു തരത്തിലുള്ള പ്രശ്നങ്ങൾക്കും യുദ്ധം ഒരു പരിഹാരമല്ല.
- യുദ്ധവിജയത്തെക്കുറിച്ചുള്ള വീമ്പ് എന്നത് ഒരു വീമ്പ് മാത്രം - മേനി നടിക്കൽ മാത്രമാണ്.

- വികസിത – സാമ്രാജ്യത്വം രാജ്യങ്ങൾക്ക് ആയുധ വ്യാപാരരത്തിനുള്ള സന്ദർഭമൊരുക്കൽ
- ഓരോ യുദ്ധവും മനുഷ്യനും പ്രകൃതിക്കും ഭൂമിക്കും ഏൽപ്പിക്കുന്ന ആഘാതങ്ങൾ –
- വൈധവ്യം, വൈകല്യം, അനാഥത്വം, ദാരിദ്ര്യം, വിഭവശോഷണം
- ഓരോ യുദ്ധവും പുതിയ പുതിയ യുദ്ധത്തിന് കാരണമാകുന്നു.
- അഭയാർഥി പ്രവാഹം പോലുള്ള സാമൂഹ്യ പ്രശ്നങ്ങൾക്ക് കാരണാമാകുന്നു. .
- ആയുധമുപയോഗിച്ച് മറ്റുള്ളവരെ കീഴടക്കാമെന്നത് വ്യാമോഹമാണ്
- സ്നേഹവും സഹാനുഭൂതിയും പ്രകടിപ്പിക്കലാണ് മനുഷ്യനെ കീഴടക്കാനുള്ള വഴി.
- സംഘർഷങ്ങൾ ഒഴിവാക്കി അതിലൂടെ ആയുധങ്ങളും യുദ്ധങ്ങളും ഉപേക്ഷിക്കലാണ് ലോക സമാധാനത്തിന് വേണ്ട മാർഗം.
- മനുഷ്യരെ കൊല്ലാനുള്ള ആയുധങ്ങളല്ല , ജീവിപ്പിക്കാനുള്ള അന്നമാണ് വേണ്ടത്.

- ***സുയോധനൻ*** -യുദ്ധ സന്നദ്ധനായി പുറപ്പെടുമ്പോൾ അമ്മയുടെ അനുഗ്രഹം വാങ്ങുന്നു. ധർമയുദ്ധം ചെയ്യുന്നവർ എന്ന സൂചന
- ***ദുര്യോധനൻ*** – അധർമയുദ്ധം ചെയ്യുന്നവൻ, തുടയെല്ല് തകർന്ന് പ്രാണവേദനകൊണ്ട് നിലത്തുകിടന്നു പിടയുന്നവൻ . ധർമയുദ്ധവുമായി ആരംഭിച്ച് പൈശാചികമായ അറുംകൊലയായി പരിണമിക്കുന്നു